# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P11)1459/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P11)1459/2023 തീയ്യതി: 12/12/2023

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.കവിതാദേവി.വി, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.പ്രസാദ്.പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിജ്ജ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.വി.കുഞ്ഞ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജെസ്സി.പി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.പി.എസ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.ആശാറാണി.ടി.എസ് | മെഡിക്കൽ ഓഫീർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ജോബി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീബ.എം.എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| ശ്രീമതി.സൗമ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ശ്രീമതി.സാലി.ഡി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫാത്തിമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അളകനന്ദ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 06-12-2022 |
| ശ്രീമതി.സബീന | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 07-12-2022 | 31-03-2023 |
| ശ്രീമതി.നബീല.എം.ബി | അസി.എഞ്ചിനീയർ | 01-04-2022 | 18-04-2022 |
| ശ്രീമതി.സീജ കെ.കെ | അസി.എഞ്ചിനീയർ | 19-04-2022 | 12-06-2022 |
| ശ്രീമതി.നബീല.എം.ബി | അസി.എഞ്ചിനീയർ | 13-06-2022 | 02-07-2022 |
| ശ്രീമതി.സീജ കെ.കെ | അസി.എഞ്ചിനീയർ | 03-07-2022 | 15-08-2022 |
| ശ്രീമതി.നബീല.എം.ബി | അസി.എഞ്ചിനീയർ | 16-08-2022 | 31-03-2023 |
| ഡോ.റസീന കെ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 17-09-2022 |

| | | | |
|---|---|---|---|
| ഡോ.ഫിജി ഫെർഡിനന്റ് ഫ്രാൻസിസ് | വെറ്ററിനറി സർജ്ജൻ | 18-09-2022 | 31-03-2023 |
| ഡോ.ബെറ്റി ആന്റണി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 11-05-2022 |
| ഡോ.പ്രസ്ലിൻ ജോർജ്ജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 12-05-2022 | 31-03-2023 |
| ശ്രീ.റിബു വർഗ്ഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരിയാട്) | 01-04-2022 | 24-04-2022 |
| ശ്രീ.മുഹമ്മദ് സിദ്ദിഖ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരിയാട്) | 25-04-2022 | 31-03-2023 |
| ശ്രീമതി.മൃദുല | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മേക്കാട്) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സു മായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | സ്ഥാപനങ്ങൾക്ക് തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു. | 1-11 |
| 18 | വിനോദ നികുതി ഡിമാന്റ് ചെയ്യുന്നില്ല- അപാകതകൾ | 1-12 |
| 19 | വാടകക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല | 1-13 |
| 20 | ലേലം-അപാകതകൾ- തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 21 | മഴക്കാലപൂർവ്വശുചീകരണം-ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല | 1-15 |
| 22 | തുടർ വിദ്യാഭ്യാസ പദ്ധതി-വിശദാംശം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 23 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്-വിശദാംശങ്ങൾ ലഭ്യമല്ല | 1-17 |
| 24 | തിരി നന സിസ്റ്റം-മാർഗരേഖയിൽ നിന്ന് വ്യതിചലിച്ചു നടപ്പാക്കി | 1-18 |
| 25 | ഹോമിയോമരുന്ന് ലഭ്യമായില്ല | 1-19 |
| 26 | മെഡിക്കൽ ഓഫീസർ നെടുമ്പാശ്ശേരി പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |

| | | |
|---|---|---|
| 27 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-21 |
| 28 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ ആനുകൂല്യവും നൽകിയില്ല | 1-22 |
| 29 | മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയില്ല | 1-23 |
| 30 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കണം | 1-24 |
| 31 | വാർഡ് 15- വയലാർ ദേവരാജൻ മെമ്മോറിയൽ മിനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല | 1-25 |
| 32 | ഷീറ്റ് റൂഫിംഗ്-ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിക്കണം | 1-26 |
| 33 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 34 | ഗാർബേജ് ആപ്പ് സർവ്വെ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 35 | കരിയാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- DPR നാളിതുവരെയും ലഭ്യമായില്ല | 1-29 |
| 36 | SSK വിഹിതം നല്കിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-30 |
| 37 | വീട് വാസയോഗ്യമാക്കൽ- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല | 1-31 |
| 38 | തെരുവുവിളക്കുകൾക്കു മീറ്റർ സ്ഥാപിച്ചിട്ടില്ല | 1.32 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.07.2023 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്

തീയതി:12.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹90,42,540/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1,41,23,935/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

## 1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസ്സ മായി പൊരുത്തപ്പെടുന്നില്ല

എ.എഫ്.എസ്സിലെ ബി.18 ഷെഡ്യൂളിലെ അഡ്വാൻസ് നീക്കിയിരിപ്പുകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 21.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.02.2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് & റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | ₹5,67,70,275.50 | ₹46,49,018.04 |
| വരവ് | ₹27,64,95,838.00 | ₹31,21,06,960.00 |

| | | |
|---|---|---|
| ആകെ | ₹33,32,66,113.50 | ₹31,67,55,978.04 |
| ചെലവ് | ₹27,3436,994.00 | ₹31,32,32,500.00 |
| നീക്കിയിരിപ്പ് | ₹5,98,29,119.50 | ₹35,23,478.04 |

ബജറ്റ് സിംഗിൾ എൻടി സമ്പ്രദായത്തിലും അക്കൗണ്ട്സ് ഡബിൾ എൻട്രിയിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റും അക്കൗണ്ട്സും തമ്മിൽ താരതമ്യം ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹61642620.50 |
| വരവ് | ₹75779929.00 |
| ആകെ | ₹137422549.50 |
| ചെലവ് | ₹66737389.00 |
| നീക്കിയിരിപ്പ് | ₹70685160.50 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22994400 +1401600 | 24396000 | 21923092 | - | 2472908 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9042363+ 327819 | 9370182 | 7506459 | - | 1863723 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10354000 | 10354000 | 10300744 | - | 53256 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5932000 | 5932000 | 5932000 | - | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Basic Grant-Untied) | 259347 +Interest In Bank A/c 62649= 321996 | 3330000+ 137220 | 3789216 | 3741147 | 48069 | 0 |
| ധനകാര്യ കമ്മീഷൻ - (Tied) - Treasury | 0 | 2496746 | 2496746 | 1014428 | - | 1482318 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Tied) Bank | 1370396 | 4995000 | 6365396 | 4672722 | 1692674 | - |
| കേന്ദ്രാവിഷ്കൃതഫണ്ട്- സമ്പൂർണ്ണ ശുചിത്വം 320 100 181 | 2579 | 0 | 2579 | 0 | 2579 | - |
| ICDS- Central Share 320 100 125 | 60164 | 1400550 | 1460714 | 482091 | 978623 | - |
| Other Schemes 320 100 152 | 0 | 1000 | 1000 | 0 | 1000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃതഫണ്ട്- വിമുക്തി- 320 100 190 | 48424 | 0 | 48424 | 0 | 48424 | - |
| 320 100 198 ശുചിത്വ മിഷൻ ഫണ്ട് | 8233 | 929823 | 938056 | 929823 | 8233 | - |
| 320 100 196 ICDS- State Share | 75000 | 0 | 75000 | 75000 | 0 | - |
| 320 100 197 സാക്ഷരത | 6843 | 0 | 6843 | 0 | 6843 | - |
| 320 100 191 നിർമ്മൽ പുരസ്കാരം | 276660 | 0 | 276660 | 0 | 276660 | - |
| 320 100 202 ഹെൽത്ത് ഗ്രാന്റ്- Infrastructure | 0 | 268505 | 268505 | 239201 | 29304 | - |
| 320 100 204 ഹെൽത്ത് ഗ്രാന്റ്-PHC | 0 | 137075 | 137075 | 118 | 136957 | - |
| 320 200 399 State Sponsored Schemes Life State Share | 4060000 | 0 | 4060000 | 1720000 | 2340000 | - |
| 320 300 102 ജലനിധി | 1171665 | 31957 | 1203622 | 0 | 1203622 | - |
| കില ട്രയിനിംഗ് ഫണ്ട് 320300199 | 40760 | 509406 | 550166 | 107406 | 442760 | - |

* CFC Tied ൽ നിന്നും ₹180076/-യും CFC Untied ൽ നിന്നും ₹3153548/-യും Capital Contribution ലേക്ക് മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (പൂർത്തിയായത്) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 154038867 | 171 | 84283946 | 0 | 89 | 65.77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | തൻവർഷ വരവ് (₹) | ആകെ വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 31,558.00 | 13,55,071.00 | 13,86,629.00 | 5,02,658.00 | 8,83,971.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,09,71,296.00 | 2,09,71,296.00 | 2,09,71,296.00 | 0 |
| ആകെ | 31,558.00 | 2,23,26,367.00 | 2,23,57,925.00 | 2,14,73,954.00 | 8,83,971.00 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720.00 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 30,80,000.00 | 261 |
| വിധവാപെൻഷൻ | 1,49,61,000.00 | 1345 |
| വാർദ്ധക്യകാലപെൻഷൻ | 3,64,90,600.00 | 3512 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 35,24,800.00 | 316 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത | 9,80,400.00 | 87 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000.00 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2023 11.45 എ.എം-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹20491/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം പരിശോധിച്ച് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പദ്ധതി ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്

4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

5. തനത് ഫണ്ട് നീക്കിയിരുപ്പ് 5.7 കോടിയിലധികം തുകയുണ്ടെങ്കിലും ആയത് സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതിനാൽ പലിശയിനത്തിൽ ലഭിക്കാവുന്ന വരുമാനം നഷ്ടമാവുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2022 | 01.06.2022 മുതൽ 30.09.2022 വരെ | 15.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.2022 മുതൽ 26.03.2022 വരെ | 2019-20 | 27.12.2022 |

## 1-11 സ്ഥാപനങ്ങൾക്ക് തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (IFTE & OS(Issue Of License To Industries, Factories, Trade, Entrepreneurship Activities, And Other Services) രജിസ്റ്റർ, സഞ്ചയ ഫോം 6 എന്നിവ പരിശോധിച്ചതിൽ വ്യാവസായിക പ്രവത്തിയുടെ അടിസ്ഥാനത്തിൽ IFTE & OS ലൈസൻസെടുത്തിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു.വാർഡ് തിരിച്ച് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നം | IFTE & OS രജിസ്റ്റർ പ്രകാരം സ്ഥാപനത്തിലെ പ്രവൃത്തി/സ്ഥാപന പേര് | സഞ്ചയ അസസ്സ്മെന്റ് പ്രകാരം |
|---|---|---|---|
| 1 | 314 A | Delight Electrical Power Control System(1.5 Hp -Manufacturing Og Electric Switch Board) | റഗുലറൈസേഷൻ, കൊമേഴ്സ്യൽ ഗണം |
| 2 | 22,23(License Register | Unique Wood Industries | പാർപ്പിട ഗണം - രണ്ടു കെട്ടിട നമ്പറുകളും വേറെ രണ്ടു വ്യക്തികളുടെ |

| | | | |
|---|---|---|---|
| | പ്രകാരം) | | പേരിലാണ്. (സ്ഥാപനത്തിന്റെ യഥാർത്ഥ കെട്ടിട നമ്പറും ഗണവും പരിശോധിക്കേണ്ടതാണ്) |
| 2 | 595 | Maria Flour Mill | കൊമേഴ്സ്യൽ ഗണം |
| 3 | 491 | Marvel Industries (Glue Production Unit) | കൊമേഴ്സ്യൽ ഗണം |
| 4 | 204A | Sea Paper Products (Production Of Bio Degradable Cup) | കൊമേഴ്സ്യൽ ഗണം |
| 5 | 341,342 | Janatha Engineering Industries | കൊമേഴ്സ്യൽ, പാർപ്പിട ഗണം |
| 6 | 416,417 | Pattarumadam Dispensary (Production And Sale Of Ayurveda Oushadam) | ഹോസ്പിറ്റൽ ഗണം |
| 7 | 433 A,B,C,D,E | Ceetech Interiors (Manufacturing And Sale Of Furniture) | കെട്ടിടവും കൊമേഴ്സ്യൽ ഗണം |
| 7 | 396 A | Sara Concrete Bricks | കൊമേഴ്സ്യൽ ഗണം |
| 8 | 468D | Zera Sofa (Maunfacturing Of Furniture Sofa) | കൊമേഴ്സ്യൽ ഗണം |
| 10 | 313 | Super Metals (Copper Wire Production (50HP)) | പാർപ്പിട ഗണം |
| 11 | 281,283 | Maria Flour Mill | പാർപ്പിട, കൊമേഴ്സ്യൽ ഗണം |
| 12 | 460 | JINI Enterprises (Gate Grill Works) | കൊമേഴ്സ്യൽ ഗണം |
| 13 | 35 | Cochin Refractories And Minerala Ltd (Fire Bricks) | ഓഫീസ് ഗണം |
| 17 | 637 | MM Engineering Works | കൊമേഴ്സ്യൽ ഗണം |
| 18 | 259 | Beston Interlock Bricks(25HP) | കൊമേഴ്സ്യൽ ഗണം |
| 18 | 573 | Vighneswara Oxygen Pvt Ltd (Manufacturing Of Medical Oxygen) | കൊമേഴ്സ്യൽ ഗണം |
| 18 | 175 | Trends Apparels (Sportswear Tailoring 25HP) | കൊമേഴ്സ്യൽ ഗണം |
| 19 | 57 | St Mary's Timber Industries(40HP) | കൊമേഴ്സ്യൽ ഗണം |

മേൽപ്പറഞ്ഞ ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1, G2, MIMSE എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ അനുവദിച്ചിട്ടുള്ള ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/14.09.2023) അപ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി വസ്തുനികുതി അതനുസരിച്ച് പരിഷ്കരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-12 വിനോദ നികുതി ഡിമാന്റ് ചെയ്യുന്നില്ല- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അമല,കാർണിവൽ എന്നീ രണ്ടു സിനിമ തീയറ്ററുകളിൽ നിന്നായി 2022-23 ലെ വാർഷിക കണക്കു പ്രകാരം ₹5,99,987/- വിനോദനികുതി ഇനത്തിൽ വരുമാനമുണ്ട്. ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വിനോദനികുതിയിനത്തിൽ ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. സർക്കാറിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽക്കുന്ന ടിക്കറ്റുകളുടെ ഡെയ്‌ലികളക്ഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ പഞ്ചായത്തിന് ഓൺലൈൻ ആയി കൈമാറിയതായി കാണുന്നില്ല. അമല എന്ന തിയേറ്ററിന്റെ മാന്വൽ ആയി രേഖപ്പെടുത്തിയ ഡെയിലികളക്ഷൻ റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാർണിവൽ തീയറ്ററിൽ നിന്നും ലഭ്യമാക്കിയ ടിക്കറ്റ് ടാക്സ് റിപ്പോർട്ട് ക്രമപ്രകാരമല്ല. ടിക്കറ്റുകളുടെ എണ്ണത്തിൽ നെഗറ്റീവ് എൻട്രി വന്നിട്ടുണ്ട്. ₹100/-യിൽ കുറവുള്ള ടിക്കറ്റിനു 5 %നിരക്കിലും ₹100/-യിൽ കൂടുതൽ വിലയുള്ള ടിക്കറ്റിനു 8.5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടത്. കാർണിവൽ തിയേറ്ററിൽ നിന്നും ലഭ്യമാക്കിയ ടിക്കറ്റുകളുടെ റിപ്പോർട്ടിൽ അപ്രകാരം എത്ര ടിക്കറ്റുകളുണ്ട് എന്ന വിവരമില്ല. 'Admits ' എന്ന കോളത്തിൽ ടിക്കറ്റുകളുടെ ആകെ എണ്ണവും അതുപ്രകാരമുള്ള കളക്ഷൻ തുകയും ആണ് കാണിച്ചിട്ടുള്ളത്. തീയേറ്ററിന്റെ ലൈസൻസ് ഫോം പ്രകാരം 32 Gold സീറ്റുകളും 96 എക്സിക്യൂട്ടിവ് സീറ്റുകളും കാണിച്ചിട്ടുണ്ട്. നിരക്ക് വിവരം ലഭ്യമല്ല. ടിക്കറ്റ് നിരക്ക് പ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ നികുതിയിനത്തിൽ പഞ്ചായത്തിനു വരുമാന നഷ്ടമുണ്ടായിരിക്കാൻ സാധ്യത ഉണ്ട്. പരിശോധിച്ചതിലെ മറ്റു അപാകതകൾ താഴെ ചേർക്കുന്നു

ഗ്ലോബൽ ബിസിനസ് കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ശശികുമാർ, ശ്രീകാന്ത് ഭാസി എന്നിവരുടെ ഉടമസ്ഥതയിലുള്ള 13/27A, B എന്നീ കെട്ടിടങ്ങളിലായി (കെട്ടിട അസസ്സ്മെന്റ് വർഷം 2018) കാർണിവൽ എന്ന പേരിൽ സിനിമ തീയറ്റർ ആരംഭിക്കുന്നതിനായി പി വി സുനിൽ എന്നവർ ലൈസൻസ് എടുക്കുകയും 28.11.2022 വരെയായി പഞ്ചായത്തിൽ ലൈസൻസ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ കോവിഡ് ലോക്ക്ഡൗണിനു ശേഷം തിയേറ്റർ പ്രവർത്തനം തുടരുകയും 2022-23 കാലയളവിൽ ₹3,00,000/- അടവാക്കുകയും ചെയ്തിട്ടുണ്ട്.

1)സ്ഥാപനത്തിന്റെ 1/22 മുതൽ 8/22 വരെ ലഭ്യമാക്കിയ കളക്ഷൻ സ്റ്റേറ്റ്മെന്റ് (ടിക്കറ്റ് ടാക്സ് റിപ്പോർട്ട്) പ്രകാരം LBET (ലോക്കൽ ബോഡി എന്റർടെയിൻമെന്റ് ടാക്സ്) പിഴപ്പലിശ അടക്കം ₹7,82,508.96/-യുടെ ഡിമാന്റ് കണക്കാക്കിയതിൽ ₹4,82,509/- ബാലൻസ് കിട്ടാനുണ്ട്. 14.11.22 ലെ സെക്രട്ടറിയുടെ എ3 4456/22 കത്തു പ്രകാരം നികുതി കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതു ലഭ്യമാക്കിയില്ല.

2)ടി തുക വാർഷിക കണക്കിൽ ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുമില്ല.

3)11/22നു ശേഷം പുതുക്കിയ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് പഞ്ചായത്ത് നാളിതു വരെ പുതുക്കി നൽകിയിട്ടില്ല. എന്നാൽ തിയേറ്റർ തുടർന്നും പ്രവർത്തിച്ചു വരുന്നു. ലൈസൻസ് എടുക്കാത്തതിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ തുടർന്നുള്ള കളക്ഷൻ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തൻവർഷം വാങ്ങിക്കുകയോ ചെയ്തിട്ടില്ല.

4)സഞ്ചയ പ്രകാരം കെട്ടിടത്തിന് ₹88,483/- വസ്തുനികുതിയിനത്തിൽ കുടിശ്ശികയുണ്ട്. ആയതു ഈടാക്കാനും നടപടി സ്വീകരിച്ചു കാണുന്നില്ല

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല (നം.6/15.09.2023). ടിക്കറ്റ് അനുസരിച്ചുള്ള നികുതി (LBET) ആണോ ടാക്സ് കളക്ഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും ആയതു പ്രകാരം ഡിസിബി തയ്യാറാക്കേണ്ടതുമാണ്. വിനോദനികുതി, കെട്ടിടത്തിന്റെ വസ്തുനികുതി എന്നിവയുടെ കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതും തിയേറ്റർ ലൈസൻസ് എടുക്കാത്തതിനു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 <u>വാടകക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല</u>

2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കരിയാട് ഷോപ്പിംഗ് കോംപ്ലക്സ്, അത്താണി മാർക്കറ്റ്, അത്താണി ബസ് ടെർമിനൽ കോംപ്ലക്സ് എന്നിവയിലെ 66 കെട്ടിടമുറികളിൽ പഞ്ചായത്ത് വാടക ഈടാക്കിയ 51 കെട്ടിടമുറികളിലെ സ്ഥാപനങ്ങളിൽ ആകെ എട്ട് കെട്ടിടമുറികളിലെ സ്ഥാപനങ്ങൾ (5/960L, N, K, 7/41B, D, E, F, (G, M) മാത്രമെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കി താഴെ പറയുന്ന കടമുറികളുടെ ലൈസൻസ് എടുത്തിട്ടില്ല. പുതിയ വാർഡ് 13 (പഴയ വാർഡ് 7)-കെട്ടിട നം.41A, C, J, H

വാർഡ്-14 ലെ കെട്ടിട നമ്പറുകൾ-
A2,A4,A6,A7,A8,A9,A10,A11,A14,A18,B4,B5,B7,B8,B9,B10,B11,B12,B13,B15.B16,B17,

B18,B20,C1,C2,C3,C4,C5,C6,C8,C9,C10,C11,C12,B10(A)
വാർഡ് 5-കെട്ടിട നം.960M, P, EKSAT Kudumbasree
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കോവിഡ് കാരണം കടകൾ പ്രവർത്തിക്കാത്തതിനാലാണ് ലൈസൻസ് എടുക്കാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത് (ഓഡിറ്റ് അന്വേഷണം-02/13.09.2023) ഇത്രയും സ്ഥാപനങ്ങൾ വാടക കൃത്യമായി അടവാക്കി പ്രവർത്തിക്കാതിരിക്കുകയായിരുന്നു എന്ന മറുപടി തൃപ്തികരമല്ല. ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതു വാടകക്ക് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ലേലം-അപാകതകൾ- തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലേലവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു
1)ലേലം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2)ലഭ്യമാക്കിയ ലേല ഫയലിൽ തൻവർഷം ലേലം നടന്നതായുള്ള രേഖകൾ സൂക്ഷിച്ച് കാണുന്നില്ല, എന്നാൽ വാർഷിക കണക്ക് പ്രകാരം വിവിധ ഇനങ്ങൾ സ്ക്രാപ്പ് ചെയ്തു വിറ്റ വകയിലും കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്ത വകയിലുമായി പഞ്ചായത്തിന് യഥാക്രമം ₹154256/-യുടെയും (150120102 ഹെഡ് പ്രകാരം) ₹4800/-യുടെയും വരവ് തൻവർഷം ഉണ്ട്. പ്രസ്തുത ഇനങ്ങളുടെ വിൽപ്പന/ ലേലം വിവരം ഫയലിൽ ഇല്ല. ഇനങ്ങളുടെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ഫയൽ സഹിതം ലഭ്യമാക്കുവാൻ എൻക്വയറി നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ല.
3)10.06.2021 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം (നമ്പർ ലഭ്യമല്ല) മുറിച്ചുമാറ്റിയ തടികളുടെ ലേലം 27.06.2022 ൽ നടത്തുവാൻ തീരുമാനിച്ചുവെങ്കിലും ആയതിൽ ആരും പങ്കെടുക്കാത്തതായി അന്നത്തെ ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സ്ഥിതി അന്വേഷിച്ചതിൽ ലേലം നടത്താത്തതിനാൽ തടികൾ നശിച്ചു പോയെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
4)ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന പൊതുകുളം/ചിറകളുടെ ലേലം നടത്തിയിട്ടില്ല
1)കണ്ടം കുളം-വാർഡ് 4
2)പാലം കുളം-വാർഡ് 4
3)കരിയാട് കുളം-വാർഡ് 7
4)ആലിടത്തിച്ചിറ കുളം-വാർഡ് 7
5)പഴഞ്ചിറ കുളം-വാർഡ് 8
6)എടത്തിച്ചിറ -വാർഡ് 9
7)ഒറോവഴിച്ചിറ-വാർഡ് 10
8)കണ്ടം കുളം-വാർഡ് 12
9) ചടയംകുളം-വാർഡ് 12

10) മൈലോബി കുളം-വാർഡ് 13

11)കൈതപ്പാടം കുളം-വാർഡ് 13

12)മൈലോബി കുളം-വാർഡ് 14

13)പടിപ്പുരത്താഴം കുളം-വാർഡ് 14

14)കൊങ്ങോത്ര കുളം-വാർഡ് 15

15)എറേച്ചൻ കുളം-വാർഡ് 16

16)കോതനാംപടവ്-വാർഡ് വിവരം ലഭ്യമല്ല

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം.01/13.09.2023) മറുപടി ലഭ്യമാക്കിയെങ്കിലും മറുപടി തൃപ്തികരമല്ല. രണ്ടു കുളങ്ങൾ പാട്ടത്തിന കൊടുത്തിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. 2020 ലെ ലേലം ഫയലിൽ അത്തരം നിർദ്ദേശമുണ്ടായിട്ടും അപ്രകാരം നടപടിയെടുത്തതായോ വാർഷിക കണക്കിൽ അത്തരമൊരു വരവ് ഉൾപ്പെട്ടതായോ കാണുന്നില്ല. കുളങ്ങൾ പോലെയുള്ള ആസ്തികൾ സംരക്ഷിച്ച നിലനിർത്തേണ്ടതും ആയതിലൂടെ തനതുവരുമാനം വർദ്ധിപ്പിക്കാനായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 മഴക്കാലപൂർവ്വശുചീകരണം-ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല

2022-23 സാമ്പത്തികവർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനായി നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് 19 വാർഡുകൾക്കായി ₹380,000/- വൗച്ചർ നം.22200144/01.07.2022 പ്രകാരം അനുവദിച്ചിരുന്നു. ആയതിൽ ₹1,90,000/- പഞ്ചായത്ത് തനതുഫണ്ടും ₹1,90,000/- ശുചിത്വമിഷൻ ഫണ്ടും ആണ് വകയിരുത്തിയത്. ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ തനതുഫണ്ടിൽ നിന്നും ₹1,90,000/- ചെലവഴിച്ചു. ശുചിത്വമിഷൻഫണ്ട് ലഭ്യമാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്

1-16 തുടർ വിദ്യാഭ്യാസ പദ്ധതി-വിശദാംശം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം.,പേര് | : | 153/23, തുടർ വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | : | ₹1,00,000/-(വികസനഫണ്ട്) |
| ചെലവ് | : | ₹68,150/- |
| നിർവ്വഹണോദ്യോഗസ്ഥ | : | ഹെഡ്മിസ്ട്രസ്സ് |
| ബി ആർ എൻ/തീയതി | : | 22110452022001322321/09.03.2023 |

മേൽ പദ്ധതി പ്രകാരം 10-ാം തരം പഠിതാക്കളായി 7 പേരുടെയും 11-ാം തരം പഠിതാക്കളായി 24 പേരുടെയും 12-ാം തരം പഠിതാക്കളായി 7പേരുടെയും വാർഡ് തിരിച്ച് ജനന തീയതി സഹിതമുള്ള ലിസ്റ്റുകൾ, രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ക്ലാസ്സ് തിരിച്ച് അറ്റന്റൻസ്, പരീക്ഷ അറ്റന്റ് ചെയ്തതിന്റെ ഹാൾടിക്കറ്റ്, കോഴ്സ് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് കോഴ്സ് രജിസ്ട്രേഷൻ നം/തീയതി സഹിതം ശേഖരിച്ച് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന ലഭ്യമാക്കിയില്ല. ആയതിനാൽ ₹68,150/-യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. രജിസ്റ്റർ ചെയ്ത പഠിതാക്കളിൽ ക്ലാസ്സുകൾ അറ്റൻഡ് ചെയ്തവരുടെ വിവരം, നാളിതു വരെ പരീക്ഷകൾ എഴുതിയവരുടെ വിവരം, പാസ്സായവരുടെ വിവരം ഒന്നും മോണിറ്ററിംഗ് ചെയ്യുന്നില്ല. പദ്ധതി നിർവഹണത്തിന്റെ രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ 03/14.09.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-17 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്-വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട്നം, പേര് | 166/23, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | ₹100000/- (തനതുഫണ്ട്) |
| ചെലവ് | ₹100000/- |
| വൗച്ചർനം/തീയതി | 22201393/22.03.2023 |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി രണ്ട് കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി 1

ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയതായി കാണുന്നു. ഫയലിൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാണെങ്കിലും ഈ കുട്ടികൾ കോക്ലിയർ ഇംപ്ലാന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങളോ, കോക്ലിയർ ഇംപ്ലാന്റിന്റെ റിപ്പയറിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തുന്ന രേഖകളോ ഫയലിൽ ലഭ്യമല്ല. 2 കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ₹100000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ 16.09.23 ൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-18 തിരി നന സിസ്റ്റം-മാർഗരേഖയിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം., പേര് | 231/23, തിരി നന സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| അടങ്കൽ | ₹100000/- വികസനഫണ്ട് |
| ചെലവ്, ബിആർഎൻ/തീയതി | ₹48000/-, 22110452012501141392/5.02.2023 |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തിരി നന സിസ്റ്റം എന്ന പദ്ധതിയിൽ 12 കുടുംബങ്ങൾക്കു 12 യൂണിറ്റുകൾ നല്കിയിട്ടുള്ളതാണ്. 14-ാം പഞ്ചവത്സര പദ്ധതി ഖണ്ഡിക ഇനം 36 പ്രകാരം 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റ് വീതം പരമാവധി 5 യൂണിറ്റ് വരെ ഒരു ഗുണഭോക്താവിനു 50% സബ്സിഡിയോടെ നല്കാവുന്നതാണ്. എന്നാൽ പരമാവധി അനുവദനീയമായ തുക ഒരു യൂണിറ്റിനു ₹1000/- ആണ്. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 15 ചട്ടികളുള്ള 1 യൂണിറ്റ് വീതം 12 യൂണിറ്റുകൾ അനുവദിക്കുകയും ആയതിന് ₹2000/- സബ്സിഡിയോടെ അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ₹2000/- വീതം ഗുണഭോക്തൃവിഹിതം പിരിച്ചതായും കാണുന്നു.ഈ തരത്തിൽ പിരിച്ചെടുത്ത തുക ₹24000/- യും വികസനഫണ്ട് വിഹിതം ₹24000/- യും ഗ്രീൻഫ്രണ്ട്സ് തൊഴിൽ സേനയ്ക്ക് അനുവദിച്ചിരിക്കുകയാണ്. ഇത്തരത്തിൽ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപടി സ്വീകരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-19 ഹോമിയോമരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട്നം, പേര് | 29/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ്) – നോൺ റോഡ് |
| ചെലവ് | ₹4,00,000/- |
| ബിആർഎൻ | 22110457021600868074/5.12.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

മെഡിക്കൽ ഓഫീസർ, ഹോമിയോ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 29/22-23 പദ്ധതിയിൽ ആകെ ₹4,00,000/- മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹോമിയോ ആശുപത്രിക്ക് ഇതുവരെ ₹135875/- യുടെ മരുന്ന് മാത്രമാണ് 31.7.2023 ലെ ഇൻവോയിസ് നം.എൽഎഫ്-756/23-24 പ്രകാരം ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി ₹264125/- യുടെ മരുന്ന് ലഭിക്കാനുണ്ട്. മരുന്ന് ലഭിക്കുന്നതുവരെ ₹264125/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ 16.09.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 15 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കിയ വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു.

## 1-20 മെഡിക്കൽ ഓഫീസർ നെടുമ്പാശ്ശേരി പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നെടുമ്പാശ്ശേരി പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 250/23, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച് സി |

| | |
|---|---|
| അടങ്കൽ | ₹264733/-(ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | ₹139011/-(2022-23)+₹29650/-(24.6.23) =₹168661/- |
| സെക്രട്ടറിയുടെ PFMS-ഇപേയ്മെന്റ് പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം.4254000102043494 | 1)S6070590 തീ.24.03.2023 ₹53745/-(EzraHealthCare-8968/-, PHC Recouping To HMC A/c-₹44777/-)<br>2)S6541999 തീ.25.03.2023 ₹14912/-(Ezra Health Care)<br>3)S67885712 തീ.30.03.2023 ₹3328/-(PHCRecouping)<br>4)S68356451 തീ 27.03.2023 ₹56600/-(City Exide Shoppe Ernakulam)<br>5)S67558582,തീ 30.03.2023 ₹4689/-(Rajesh P R ₹4689/-)<br>6)S58659862 തീ 3.4.23 ₹5737/-(Ezra Health Care-4159, BIO Lab -1578)<br>7)S54930471 തീ 24.6.23 ₹29650/-( Ezra Health Care) |

ഹെൽത്ത് ഗ്രാന്റ് സ്കീം 3 പ്രകാരം ഹെൽത്ത് പരിശോധനക്ക് വേണ്ട ലാബ് റീയേജന്റുകൾ, പരിശോധന കിറ്റ്, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ, സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ, സ്റ്റാഫ് പരിശീലനം, മോണിറ്ററിംഗ് ചെലവുകൾ, ടെസ്റ്റ് സാമ്പിളുകൾ പരിശോധനക്ക് മുകൾതട്ടിലേക്ക് കൊണ്ടു പോകൽ, ഉപകരണങ്ങളുടെ റിപ്പയറിംഗ് എന്നിവയ്ക്കായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ലാബ് റീയേജന്റുകൾ, പരിശോധന കിറ്റ് എന്നിവയുടെ വാങ്ങൽ മാത്രമാണ് നടപ്പിലാക്കിയതായി കാണുന്നത്. പട്ടികയിലെ ചെലവ് ക്രമനം 4 പ്രകാരം ഉപകരണങ്ങൾ വാങ്ങിയതാണെങ്കിൽ ആയതു സംബന്ധിച്ച ചെലവുരേഖകൾ സൂക്ഷിച്ചിട്ടില്ല. റീ ക്കൂപ്പ് ചെയ്ത തുക സംബന്ധിച്ച് മുൻപ് എച്ച് എം സി ഫണ്ടിൽ നിന്നും നടന്ന ചെലവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെലവ് സംബന്ധിച്ച ക്യാഷ്ബുക്ക് ലഭ്യമല്ല. ലഭ്യമായ സെക്രട്ടറിയുടെ പേരിലുള്ള പബ്ലിക്ക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) പഞ്ചാബ് നാഷണൽ ബാങ്ക് ഇ പേമെന്റ് അക്കൗണ്ട് ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പട്ടികയിൽ ചേർത്തിരിക്കുന്ന തുകകൾ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്ന് ആയതു പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനത്തിനാണോ വ്യക്തിക്കാണോ എന്നുറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഉദാഹരണമായി ചെലവ് ക്രമനം 5 പരിശോധിക്കുന്നതിനു ലഭ്യമായത് എസ്ര ഹെൽത്ത് കെയറിന്റെ ഇൻവോയ്സ് 8218/28.12.2022 പ്രകാരമുള്ള ₹4956/- യുടെ ബിൽ ആണ്. ബിൽ പാസ്സാക്കിയിരിക്കുന്നത് ₹4689 ക്കാണ്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളില്ല.

പട്ടികയിലെ ചെലവുകൾ ക്വട്ടേഷൻ നടപടിക്രമം മുഖേനയാണോ നടത്തിയത് എന്നു വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷനു പരസ്യം നൽകുകയോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീയേജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വെക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് നം 1/2019 / എസ് പി ഡി തീയതി 02.01.2019 പ്രകാരം ലാബ് റീയേജന്റുകൾ റെന്റൽ കോൺട്രാക്റ്റ് എന്ന രീതിയിൽ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ ഖണ്ഡിക 7.51 ചേർത്തിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും ആവശ്യമായ റീയേജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണമെന്നാണ്. ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. സാങ്കേതിക യോഗ്യത, ഫിനാഷ്യൽ ബിഡ്

എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. സാങ്കേതിക യോഗ്യത ഉള്ളവരുടെ ടെണ്ടർ മാത്രം പരിഗണിക്കേണ്ടതാണ്. ഉപകരണം പുതിയത് ആയിരിക്കേണ്ടതാണ്. മെഷീൻ 95 % പ്രവർത്തനക്ഷമമായിരിക്കേണ്ടതാണ്. സാങ്കേതിക വിദ്യ മാറുമ്പോൾ, ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുമ്പോൾ നിരക്കിൽ മാറ്റമില്ലാതെ നിശ്ചിത ഫലം ഉറപ്പാക്കേണ്ടതുമാണ്. ഖണ്ഡിക 7.51 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

പദ്ധതിയിലെ മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ ക്രമനം 4 പ്രകാരമുള്ള ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹56600/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്

II) സ്കീം 4 പ്രകാരം ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിലേക്ക് (പദ്ധതി നം.251/23) ഹെൽത്ത് ഗ്രാന്റായി അനുവദിച്ച തുക ₹135000/- യിൽ ₹100190/- യും ചെലവഴിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗം, പരിശീലനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നിവക്കായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കടവന്ത്രയിലെ സിഡ്കോയിൽ നിന്ന് ഹോസ്പിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിനായാണ് പദ്ധതിപ്പണം ചെലവഴിച്ചിട്ടുള്ളത്.

സിഡ്കോയുടെ ബിൽ ഇൻവോയ്സ് നം.ഇ.കെ.എം/22-23/538, തീ.27.03.2023 പ്രകാരമുള്ള ₹100430/- യുടെ ബില്ലിൽ താഴെ പറയും പ്രകാരം ₹100190/-യുടെ ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| സെക്രട്ടറിയുടെ PFMS ഇ-പേമെന്റ് പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട്-നം 4254000102043494 | 1)S68793336 തീ.30.03.2023, ₹6018/- (SIDCO Sales Emporium)<br>2)S68438101 തീ. 30.03.2023, ₹94172/- (SIDCO Sales Emporium) |

കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം 19/16.9.23)

III)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0206/23, ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി-രണ്ടാം ഘട്ടം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച് സി |
| അടങ്കൽ | ₹50000/-(തനതു ഫണ്ട്) |
| ചെലവ് | ₹49271/- |
| തനതു ഫണ്ട്/ എസിആർ<br>ബിൽ നം 1) 702/26.03.2023, ₹29173/-<br>2)701/26.03.23, ₹20098/-<br>തനതു ഫണ്ട് വൗച്ചർ നം.<br>1)22201514/31.03.2023<br>LGTSB Own Fund Aulva Instrument No 7050438/31.03.23<br>2)22201536/31.03.23<br>Instrument No ലഭ്യമല്ല | തുക കൈമാറിയ സ്ഥാപനം / വ്യക്തി<br>₹29173/- / (Vincitha Health Care Ernakulam)<br>₹20098/- /(DevaMatha Medicals And Surgicals Ernakulam) |

തുക കൈമാറിയതു സംബന്ധിച്ച് യുടിആർ/കൈപ്പറ്റ് സൂക്ഷിച്ചിട്ടില്ല. മേൽപ്പട്ടികപ്രകാരം (ബിൽ ഇൻവോയ്സ് S22-23/2409/23.3.23 ₹29173/-, ബിൽ ഇൻവോയ്സ് 6354/22.3.23 ₹20098/-) പരിശോധനക്കായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.19/16.9.23)

IV)

| | |
|---|---|
| പ്രോജക്ട് നം., പേര് | So218/23 – ഫോഗിംഗ് മെഷീൻ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | ₹50000/-(തനതു ഫണ്ട്) |
| ചെലവ് | ₹49981/- |

| | |
|---|---|
| തനതു ഫണ്ട് /എസിആർ<br>ബിൽ നം 1) 458/25.2.23, ₹17000/-<br>2)740/30.3.23 തുക 32981/-<br>വൗച്ചർ നം.<br>1)22201515/31.3.23<br>2)22201554/31.3.23<br>3)22201536/31.3.23 | തുക കൈമാറിയ സ്ഥാപനം / വ്യക്തി<br>1)₹17000/- ചെലവ് രേഖകൾ ലഭ്യമല്ല<br>2)₹32981/-<br>I)₹23460/- (ക്ലൂരൻസ് കെമിക്കൽസ്, കൊച്ചിൻ )<br>II)₹9521 /- (മരിയ സ്റ്റോഴ്സ് ) |

പദ്ധതി ഫയൽ മെഡിക്കൽ ഓഫീസർ സൂക്ഷിച്ചിട്ടില്ല. ആയതു ലഭ്യമാക്കേണ്ടതാണ്. ബിൽ രജിസ്റ്റർ പ്രകാരമുള്ള വൗച്ചർ പരിശോധനയിൽ ലഭ്യമായ വിവരമനുസരിച്ചാണ് മേൽപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വൗച്ചർ പ്രകാരം തുക കൈമാറിയതു സംബന്ധിച്ച് ബാങ്ക് ട്രാൻസാക്ഷൻ ഡീറ്റെയിൽസ്/കൈപ്പറ്റ് വിവരം സൂക്ഷിച്ചിട്ടില്ല. ബിൽ ക്രമ നം. 1 പ്രകാരമുള്ള ചെലവ് രേഖകൾ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ്. ബിൽ ക്രമനം 2 ലുള്ള ഇൻവോയ്സ് നം.1122/20.3.23 പ്രകാരം ക്ലൂരൻസ് കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 34 പൊതുകിണറുകൾക്കുള്ള വലകൾ ₹690/- നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. അതു പോലെ ഇൻവോയ്സ് 331 തീ.21.3.23 പ്രകാരം 50 ഹിറ്റും ഒഡോമോസും മരിയ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുള്ളത് ക്വട്ടേഷൻ നടപടികൾ കൂടാതെയാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി ബില്ലുകളിൽ ചേർത്തിട്ടുണ്ട്. സാധനങ്ങൾ ഉപയോഗിച്ചതായുള്ള മോണിറ്ററിംഗ് വിവരമില്ല. മേൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതിനും പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിംഗ് മെഷീൻ വാങ്ങുന്നതിനായി പണം ചെലവഴിക്കാതിരുന്നതിനും മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.19/16.9.23) രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ₹49981/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-21 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S 229/2023,- കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹1,00,000/-(തനതു ഫണ്ട്) |
| ചെലവ് | ₹1,00,000/-<br>(വൗച്ചർ നം.22201302/13.03.2023) |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന് കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പദ്ധതിയാണിത്. സി.ഡി.എസ് ചെയർപേഴ്സന്റെ 16.02.2023 ലെ Ndy/08/02/2022-2023 നമ്പർ കത്ത് പ്രകാരം ₹1,00,000/- അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ (UBI A/c No.338202010013839) ചെയ്തിട്ടുണ്ട്.

ഫയലിൽ ചെലവിന്റെ മറ്റ് വിവരങ്ങളൊന്നും സൂക്ഷിച്ചിട്ടില്ല. ഏതൊക്കെ അയൽക്കൂട്ടങ്ങൾക്കാണ് ഈ തുക വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും, നഗരഭരണസ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നല്കാവുന്നതാണെന്നാണ് പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീ.18.05.2022) പറയുന്നത്. ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് ആയി നൽകണമെന്നും വ്യവസ്ഥയുണ്ട്. ചെലവിന്റെ വിശദാംശങ്ങളും, മുൻവർഷങ്ങളിൽ നൽകിയ റിവോൾവിംഗ് ഫണ്ട് തിരകെ ലഭിച്ചതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/18.09.2023) മറുപടി ലഭ്യമാക്കിയില്ല.

ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ₹1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-22 പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്- സബ്സീഡി മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ ആനുകൂല്യവും നൽകിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S199/2023,- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് |
| നിർവഹണ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പദ്ധതി അടങ്കൽ | ₹9,36,500/- (വികസന ഫണ്ട് - എസ്.സി.പി.)<br>₹1,48,500/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| വൗച്ചർ നം./ചെക്ക് നം., തീയതി. | ₹2,95,000/- (ബിൽ നം 298/26.12.2022)<br>₹3,35,000/- (ബിൽ നം 435/18.02.2023)<br>₹1,91,500/- (ബിൽ നം 481/28.02.2023)<br>₹1,10,000/- (ബിൽ നം 535/09.03.2023)<br>₹1,48,500/- (ബിൽ നം 954/28.02.2023)<br>ആകെ ₹10,80,000/- |

പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിന് മേൽ പദ്ധതി വഴി തൻവർഷം ₹10,80,000/- ചെലവഴിച്ചിട്ടുണ്ട്. വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ ഡിഗ്രി, പി.ജി, പോളി ഡിപ്ലോമ, ഐ.ടി.ഐ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിലാണ് തുക അനുവദിക്കാവുന്നത്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022/തസ്വഭവ. തീയതി 18.05.2022 ഖണ്ഡിക 7.2.4) പ്രകാരം സംസ്ഥാനത്തിന് പുറത്ത് റഗുലർ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായമായി ₹50,000/- നൽകാവുന്നതാണ്. തൻവർഷം ആനുകൂല്യം ലഭിച്ച കുമാരി. അഭിരാമി ടി.എസ്, താവേരി വീട്, ആവണംകോട് എന്ന വിദ്യാർത്ഥി കർണ്ണാടകയിലെ കലബുറഗി ഇ.എസ്.ഐ കോർപ്പറേഷൻ ഡന്റൽ കോളേജിൽ ബി.ഡി.എസ് ന് പഠിക്കുന്നു. സംസ്ഥാനത്തിന് പുറത്ത് റഗുലർ കോഴ്സ് പഠിക്കുന്ന ഈ വിദ്യാർത്ഥിക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം ₹50,000/-ക്ക് അർഹതയുണ്ട്. എന്നാൽ ₹25,000/- മാത്രമാണ് നൽകിക്കാണുന്നത്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/18.09.2023) മറുപടി ലഭ്യമാക്കിയില്ല. ഓരോ വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S44/2023, മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹3,83,229/- (ശുചിത്വമിഷൻ ഗ്രാന്റ് )<br>₹1,64,241/-(തനതു ഫണ്ട്) ₹5,47,470/- |
| വൗച്ചർ നം./ചെക്ക് നം., തീയതി. | 22200782/തീ.28.10.2022, ₹3,83,229/- &<br>22200886/തീ.30.11.2022, ₹1,64,241/- &<br>₹5,47,470/- |

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി എം.സി.എഫ്-ൽ സ്ഥാപിക്കുന്നതിന് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. 13.01.2022 ലെ 1(2) നമ്പർ തീരുമാനപ്രകാരം KSIE യിൽ നിന്നും നേരിട്ട് FLT-BMEPO-75 മോഡൽ ബെയിലിംഗ് മെഷീൻ വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. സ്ഥാപനവുമായുണ്ടാക്കിയ പ്രാഥമിക ഉടമ്പടി പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ ₹5,47,470/-യുടെ പ്രൊഫോർമ ഇൻവോയ്സ് പഞ്ചായത്തിന് നൽകുകയും ചെയ്തു.

1. Payment After Successful Installation.

2. Delivery : 20 Working Days From The Date Of Reciept Of Purchase Order.

3. Warranty-One Year From The Date Of Installation Or Date Of Supply Whichever Is Earlier Only Against Manufacturing Defects.

4. Validity Of Proposal : 60 Days.

5. Electrification At Your On Scope.

6. Installation, Plumbing, Freight Charges Included In The Quoted Price.

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മേൽപ്രകാരം കൈമാറിയതനുസരിച്ച് KSIE മെഷീൻ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും അത് നാളിതുവരെ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പ്രാഥമിക ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം ഇൻസ്റ്റലേഷനു ശേഷം തുക നൽകിയാൽ മതിയാകുമായിരുന്നു. എന്നാൽ അതിനു മുമ്പ് തന്നെ മുഴുവൻ തുകയും നൽകിയതായി കാണുന്നു. സപ്ലൈ തീയതി മുതൽ വാറന്റി കാലാവധി കണക്കാക്കുമെന്നതിനാൽ വാറന്റിയുടെ ഉപയോഗവും ലഭിക്കാനിടയില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/18.09.2023) മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ മെഷീൻ എത്രയും വേഗം സ്ഥാപിച്ച് പ്രവർത്തനം തുടങ്ങേണ്ടതും, വിവരം അറിയിക്കേണ്ടതുമാണ്. അതുവരെ ഈ പദ്ധതി പ്രകാരമുള്ള ₹5,47,470/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ-പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 26/2023, റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ |
| അടങ്കൽ | ₹57,000/- ( തനതു ഫണ്ട്) |
| ചെലവ് | വൗച്ചർ നം 22200791/18.03.2023- ₹22,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് 3000/- രൂപ വീതം ആകെ 19 വാർഡിന് ₹ 57,000/- രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തിക്കായി തൻവർഷം ചെലവഴിച്ച ₹22,000/- ഇതിലേക്കായി നിയോഗിക്കപ്പെട്ട താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പേര് | തുക (₹) |
|---|---|---|
| 1 | മുഹമ്മദ് അജ്മൽ പി.എ | 11,000 |
| 2 | അബ്ദുൾ ബാസിത് അലിഖാൻ | 11,000 |
| | ആകെ | 22,000 |

പ്രവൃത്തിയുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതും അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/16.09.2023) ആദ്യഘട്ട സർവ്വേ മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്നും, പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-25 വാർഡ് 15- വയലാർ ദേവരാജൻ മെമ്മോറിയൽ മിനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം- ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ്-18/23 (151/22 & 129/21) – 118ാം നമ്പർ അങ്കണവാടിക്ക് പുറക് വശം വയലാർ ദേവരാജൻ മെമ്മോറിയൽ മിനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം- വാർഡ് 15 |
| സാങ്കേതികാനുമതി | 78232/2020-21 Dated 19.10.2020, ₹38,00,000/- |
| കരാറുകാരന്റെ പേര്, പി.എ.സി | ശ്രീ. ഷാജു കെ.ജി. ₹30,98,721.65/- |
| കരാർ നം | 123/AE/LSGD/NDY/20-21 തീ.18.01.2021 |
| അളവ് പുസ്തകങ്ങൾ | 115/20-21, 309/21-22, 304/21-22, 01/22-23, &2/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം (2022-23) | വൗച്ചർ നം.2201136/03.02.2023- ₹9,79,266/-, 22201491/30.03.2023-₹13,20,467/- |

ഗ്രാമപഞ്ചായത്തിലെ - വാർഡ് 15 ൽ 118ാം നമ്പർ അങ്കണവാടിക്ക് പിൻവശം വയലാർ ദേവരാജൻ മെമ്മോറിയൽ മിനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിനായി 2020-21 ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. 18.01.2021 ൽ കരാറുകാരനായ ശ്രീ. ഷാജു കെ.ജി. യുമായി കരാറിലേർപ്പെട്ട് സൈറ്റ് കൈമാറിയിരുന്നു.

സാങ്കേതികാനുമതി ഉത്തരവ് പ്രകാരം ഒരു വർഷമാണ് നിർമ്മാണ കാലാവധി. അതനുസരിച്ച് 18.01.2022 ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ വളരെ വൈകി 14.03.2023 ൽ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ സിവിൽ വർക്കുകൾക്കായി നികുതി ഉൾപ്പെടെ ആകെ ഇതുവരെ ₹34,69,414/- ചെലവഴിച്ചിട്ടുണ്ട്. ₹22,99,733/- ആണ് 2022-23 വർഷത്തിലെ ചെലവ്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/16.09.2023) നൽകിയിരുന്നു.

1. സെലക്ഷൻ നോട്ടീസ് തീ.(04.11.2020) മുതൽ 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കാതിരുന്നിട്ടും നിയമാനുസൃത 1 % പിഴ (പി.എ.സി. യുടെ 1%) ഈടാക്കിയിട്ടില്ല.

2. കോവിഡ് കാലത്തേക്കുള്ള 6 മാസ ഗ്രേസ് പിരീഡ് കണക്കിലെടുത്താലും നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. കാലാവധി നീട്ടാൻ യഥാസമയം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. പ്രവൃത്തിയുടെ കാലാവധിയുടെ 50 % ൽ അധികം വൈകിയിട്ടും പി.എ.സി. യുടെ 3 % പിഴ ഈടാക്കാതെ കേവലം 1 % പിഴ ഈടാക്കിയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

3. മുള ഉപയോഗിച്ചുള്ള പൈലിംഗ് നടത്തി ഒരു നില കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ സോയിൽ ടെസ്റ്റിംഗിൽ മണ്ണിന് ഉറപ്പില്ലെന്ന് കണ്ടതിനാൽ Under Reamed പൈലിംഗ് നടത്താൻ തീരുമാനിക്കുകയും, അതിന് ചെലവേറുമെന്നതിനാൽ റൂഫ് കോൺക്രീറ്റിംഗ് ഒഴിവാക്കി ഷീറ്റ് മേയാൻ തീരുമാനിക്കുകയും, അടങ്കൽ തുകയിൽ അധികരിക്കാതെ, പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ (08.09.2021 ലെ 6/1 നമ്പർ തീരുമാനം) എസ്റ്റിമേറ്റ് ഭേദഗതി വരുത്തുകയും ചെയ്തു. സോയിൽ ടെസ്റ്റിംഗ് റിപ്പോർട്ടിൽ 4 നില കോൺക്രീറ്റ് കെട്ടിടം പണിയുന്നതിന് മുന്നോടിയായാണ് ടെസ്റ്റ് നടത്തിയതെന്ന് പറയുന്നു. എന്നാൽ കേവലം ഒരു നില കെട്ടിടം പണിയുന്നതിനായിരുന്നു പദ്ധതി ആവിഷ്കരിച്ചിരുന്നതും, അതനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതും. 137 M2 മാത്രം വിസ്തീർണ്ണമുള്ള ഷീറ്റ് മേഞ്ഞ ഈ കെട്ടിട നിർമ്മാണത്തിന് സോയിൽ ടെസ്റ്റിംഗിന്റെയും, പൈലിംഗ് നടത്തി കോളം ഫൂട്ടിംഗ് നടത്തേണ്ടതിന്റേയും ആവശ്യകത വിശദീകരിക്കേണ്ടതാണ്.

4. ഏത് ആവശ്യത്തിനായാണ് ടി കെട്ടിടം പണിയുന്നതെന്ന് പ്രോജക്റ്റിൽ വ്യക്തമാക്കുന്നില്ല . നിർമ്മാണം പൂർത്തിയാക്കി കെട്ടിടം പ്രവർത്തിപ്പിച്ച് തുടങ്ങിയതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

കോവിഡ് ലോക്ക് ഡൌൺ മൂലം മുദ്രപത്രം ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നെന്നും, ആയതിനാലാണ് കരാറിലേർപ്പെടാൻ വൈകിയതെന്നും, സർക്കാർ ഉത്തരവ് (സാധാ) നം 682/2021 /തസ്വഭവ തീയതി 28.07.2021 പ്രകാരം പിഴ ഒഴിവാക്കി സമയപരിധി നീട്ടിനൽകി കരാറിലേർപ്പെടുന്നതിന് അനുമതിയുണ്ടെന്നും അറിയിച്ചു. പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ഗ്രൌണ്ട് ലെവലിൽ നിന്നും ഏകദേശം 1.50 മീ താഴെയും, ചിറയോട് ചേർന്ന് വെള്ളം കെട്ടുന്ന സ്ഥലത്തുമാണ്. ആയതിനാൽ ടി സ്ഥലത്തു കൂടി കടന്നു പോകുന്ന തോടിന് സൈഡ് വാൾ കെട്ടി സ്ലാബ് കോൺക്രീറ്റിംഗ് നടത്തിയതിനു ശേഷമാണ് സാധനസാമഗ്രികൾ നിർമ്മാണസ്ഥലത്ത് എത്തിക്കാൻ സാധിച്ചത്. കാലവർഷം മൂലം സ്ഥലത്ത് വെള്ളം കെട്ടി നിന്നതിനാൽ 6 മാസത്തോളം നിർമ്മാണം മുടങ്ങി. മണ്ണ് പരിശോധനാ ഫലമനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയതിനാലും, കോവിഡും നിർമ്മാണം വൈകിച്ചു. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള ബോധപൂർവ്വമായ വീഴ്ച ഇല്ലാത്തതിനാലാണ് നിയമാനുസൃത മുഴുവൻ പിഴയും ഈടാക്കാതിരുന്നതെന്നും, എന്നിരുന്നാലും ഫൈനൽ ബില്ലിൽ നിന്നും 1 % പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ മണ്ണ് പരിശോധനാ ഫലമനുസരിച്ചാണ് മുള കൊണ്ടുള്ള പൈലിംഗ് ഒഴിവാക്കി Under Reamed Piling ചെയ്യേണ്ടി വന്നതെന്നും, ചെലവ് അധികരിക്കുമെന്നതിനാലാണ് റൂഫ് കോൺക്രീറ്റിംഗ് ഒഴിവാക്കി ഷീറ്റിട്ടതെന്നും അറിയിച്ചു.

മറുപടി അംഗീകരിക്കാവുന്നതാണ്. എന്നാൽ ഒരു കമ്മ്യൂണിറ്റി ഹാളിന്റേതായ ഉപയോഗത്തിന് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്താണ് ഇത്തരമൊരു നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ അത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ കെട്ടിടത്തിലേക്കുള്ള വഴിനിർമ്മാണം പൂർത്തിയായിട്ടില്ല. സ്ഥലത്തിന്റെ അതിർത്തി കൃത്യമായി അടയാളപ്പെടുത്തി വഴി സൗകര്യമേർപ്പെടുത്തേണ്ടതും, കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്. ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും വെള്ളത്തിന്റെ ലഭ്യത ആയിട്ടില്ല. കെട്ടിടത്തിന്റെ പരിസരം നിലവിൽ കാടുപിടിച്ചുകിടക്കുകയാണ്. ഇതിലെ ഒരു ടോയ്‌ലെറ്റ് വാതിൽ സാമൂഹ്യവിരുദ്ധർ നശിപ്പിച്ച് അതിലുണ്ടായിരുന്ന ടാപ്പുകൾ ഊരിമാറ്റിയിട്ടുള്ളതായും സ്ഥലപരിശോധനയിൽ കണ്ടു.

ഇലക്ട്രിക്കൽ പ്രവൃത്തികൾക്കടക്കം ഏകദേശം 37 ലക്ഷം രൂപ ചെലവഴിച്ച മേൽ കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഷീറ്റ് റൂഫിംഗ്-ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ റൂഫിംഗിനായി ഡി.എസ്.ആർ കോഡ് നം 12.50 പ്രകാരമുള്ള 0.5 MM Thick ജി.ഐ ഷീറ്റ് ആണ് ചെയ്തിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ (₹) | റൂഫിംഗ്ഏരിയ (അളവു പുസ്തകം പ്രകാരം) | കരാറുകാരൻ |
|---|---|---|---|---|
| 1 | 170/23-പി.എച്ച്.സി-ഷീറ്റ് മെയിന്റനൻസ് | 3,00,000 | 137.88 | കെ. ഐ ഇട്ടീര |
| 2 | 96/23-ആയുർവേദ ആശുപത്രി നവീകരണം | 8,50,000 | 169.697 | ആന്റണി സി.ഡി |
| 3 | 182/23-ബഡ്സ് സ്കൂൾ ഷീറ്റ് മെയിന്റനൻസ് | 13,00,000 | 86.64 | ജോസഫ് കെ.എം. |
| 4 | 183/23-സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 1,48,000 | 19.155 | സനൽകുമാർ എ.ജി |
| 5 | 97/23-വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 6,50,000 | 34.648 | കെ. ഐ ഇട്ടീര |

ഇതിൽ ക്രമ നം 1, 2 പ്രകാരമുള്ള പ്രവൃത്തികളിൽ നിലവിലുള്ള ജി.ഐ. ഷീറ്റ് റൂഫിംഗ് കേടായതിനാൽ അത് പൊളിച്ച് മാറ്റിയാണ് പുതിയ റൂഫിംഗ് ചെയ്തിരിക്കുന്നത്. പഴയ റൂഫിംഗ് ചെയ്തത് ഏത് കാലയളവിലാണെന്നതിൽ വ്യക്തതയില്ല. ഇപ്രകാരം ഷീറ്റ് മാറ്റിയതിനുശേഷം പുതിയതായി ചെയ്തിരിക്കുന്നതും ജി.ഐ. ഷീറ്റ് റൂഫിംഗ് തന്നെയാണ്. ജി.ഐ ഷീറ്റ് റൂഫിംഗ് ഇടക്ക് മാറ്റേണ്ടി വന്ന സാഹചര്യമുണ്ടായിട്ടും പുതിയതായി ചെയ്യുന്ന പ്രവൃത്തികളിൽ അലൂമിനിയം ഷീറ്റ് റൂഫിംഗ് നടത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.09.2023). അലൂമിനിയം ഷീറ്റ് റൂഫിംഗ് നടത്തിയാൽ മഴമൂലം വലിയ ശബ്ദമുണ്ടാകുമെന്നതിനാലാണ് ആശുപത്രികളിലും സ്കൂളുകളിലും ജി.ഐ. ഷീറ്റ് ഉപയോഗിച്ചതെന്നാണ് മറുപടി നൽകിയത്. മേൽ കെട്ടിടങ്ങളിൽ ചോർച്ച വന്നതിനാലാണ് അടിയന്തിരമായി റൂഫിംഗ് മാറ്റേണ്ടിവന്നതെന്നും, കാലപ്പഴക്കമായോ എന്ന കാര്യം ശ്രദ്ധിച്ചില്ലെന്നും അറിയിച്ചു. ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയാൽ തുടരെയുള്ള മെയിന്റനൻസ് ഒഴിവാക്കാവുന്നതാണ്. ആയതിനാൽ എളുപ്പം തുരുമ്പ് പിടിക്കാത്തതും ഈടുനിൽക്കുന്നതുമായ വസ്തുക്കൾ ഇത്തരം നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഡിഫക്റ്റ് ലയബിലിറ്റി പിരീഡിനുള്ളിൽ ഇത്തരം മെയിന്റനൻസ് നടത്തേണ്ടിവന്നാൽ കരാറുകാരന്റെ ചെലവിൽ നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി പദ്ധതി ഫണ്ട് വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) | വൗച്ചർ നം./ബിൽ നം. | തുക(₹) | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|---|---|
| 286/23, മള്ളൂശ്ശേരി-പറമ്പുശ്ശേരി വലിയ പാടശേഖരത്തിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കലും | വികസന ഫണ്ട് (ജനറൽ) | 963385 | 963385 | 447/ 24.2.23 | 305475 | കെ.എസ്. ഇ.ബി, പാറക്കടവ് |
| | | | | 605/ 15.3.23 | 657910 | കെ.എസ്.ഇ. ബി, പാറക്കടവ് |

| | | | | | | |
|---|---|---|---|---|---|---|
| ലൈൻവലിക്കലും | | | | | | |
| 63/23, വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റലും | തനത് ഫണ്ട് | 1607504 | 1366135 | 22200817/ 3.11.22 | 133069 | കെ.എസ്.ഇ. ബി, അങ്കമാലി |
| | | | | 22200910/ 8.12.22 | 93043 | കെ.എസ്.ഇ. ബി, പാറക്കടവ് |
| | | | | 22200909/ 8.12.22 | 100430 | കെ.എസ്.ഇ. ബി, കാലടി |
| | | | | 22200899/ 7.12.22 | 589080 | കെ.എസ്.ഇ. ബി, ചെങ്ങമനാട് |
| | | | | 22201598/ 31.3.23 | 19258 | കെ.എസ്.ഇ. ബി, ചൊവ്വര |
| | | | | 22201571/ 31.3.23 | 431255 | കെ.എസ്.ഇ. ബി, അങ്കമാലി |
| 51/23, സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ, ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകളിൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 2430000 | 1931552 | 172/12.10.22 | 32450 | കെ.എസ്.ഇ. ബി, അത്താണി-8866, കെ.എസ്.ഇ. ബി, പാറക്കടവ്-23584 |
| | | | | 691/25.3.23 | 82759 | കെ.എസ്.ഇ. ബി, പാറക്കടവ് |
| | | | | 732/30.3.23 | 243013 | കെ.എസ്.ഇ. ബി, അങ്കമാലി |
| | | | | 747/31.3.23 | 1569790 | കെ.എസ്.ഇ.ബി, ആലുവ |
| | | | | 756/31.3.23 | 3540 | കെ.എസ്.ഇ. ബി, ചൊവ്വര |
| | | ആകെ | 4261072 | | | |

സ.ഉ(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022 പദ്ധതി മാർഗ്ഗരേഖ ഖ.12.2(ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/14.9.23 ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ₹42,61,072/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 ഗാർബേജ് ആപ്പ് സർവ്വെ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 259/23, സ്മാർട്ട് ഗാർബേജ് ആപ്പ് സർവ്വെ |
| അടങ്കൽ | ₹203520/- (തനത് ഫണ്ട്) |
| ചെലവ് | ₹124941/- (തനത് ഫണ്ട്) |
| ബിൽ നം.&തീയതി | 22201465/25.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സംസ്ഥാനത്തെ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി 26.09.2022 തീയതിയിലെ സ.ഉ.(സാധാ)നം.2341/2022/തസ്വഭവ പ്രകാരം ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും മേൽനോട്ടത്തിൽ കെൽട്രോണുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും QR Code പതിക്കുന്നതുമായി ബന്ധപ്പെട്ട്

ഒരു വീട്/സ്ഥാപനത്തിന് 15/-രൂപ നിരക്കിൽ 13568 വീട്/സ്ഥാപനങ്ങളിൽ സർവ്വെ നടത്തുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 8329 വീടുകളിൽ/ സ്ഥാപനങ്ങളിൽ മാത്രമാണ് സർവ്വെ നടത്തിയത് ബാക്കിയുള്ളവ നാളിതുവരെ നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിലവിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (08/15.09.2023)ക്ക് മറുപടിയായി QR Code പതിക്കുന്നത് പുരോഗമിച്ച് വരുന്നുണ്ടെന്നും നിലവിൽ 9229 വീടുകളിൽ പതിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 കരിയാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- DPR നാളിതുവരെയും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 95/23, കരിയാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം |
| അടങ്കൽ | ₹1200000/- |
| ചെലവ് | ₹800000/- |
| വൗച്ചർ നം.& തീയതി | 22201506/30.3.2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ കരിയാട് എന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി DPR തയ്യാറാക്കുന്നതിലേക്കുള്ള ചാർജ്ജായി ₹16,00,000/- കണക്കാക്കി 50% ആയ ₹ 800000 Synergy International, Kadavanthra, Kochi എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതിലേക്കായി സെക്രട്ടറിയും സ്ഥാപനവും തമ്മിൽ കരാർ ചമച്ചത് 05.03.2023 ലാണ്. ആയതു പ്രകാരം DPR ആറ് ആഴ്ചക്കുള്ളിൽ തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ നാളിതുവരെയും സമർപ്പിച്ചിട്ടില്ല. ആകയാൽ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/16.09.2023)ക്ക് മറുപടിയായി Synergy International ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയ കത്ത് പ്രകാരം DPRന്റെ പ്രധാനപ്പെട്ട ഭാഗമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും ചില വിവരങ്ങൾ ലഭ്യമാകാനുണ്ടെന്നും ആയത് കാരണമാണ് വൈകുന്നതെന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ DPR ലഭ്യമാക്കുന്നതിന് തുടർനപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. IT ആക്ട് 1961, സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ ചാർജ്ജിൽ നിന്നും 10% ഐ.ടി,ടി.ഡി.എസ് പിടിക്കേണ്ടതുണ്ട്. ആയത് ഈടാക്കിയിട്ടില്ല. മുഴുവൻ തുകയും നൽകുന്ന സമയത്ത് ഐ.ടി,ടി.ഡി.എസ് പിടിക്കേണ്ടതാണ്.

## 1-30 SSK വിഹിതം നല്കിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 113/23, എസ്.എസ്.കെ വിഹിതം അടവാക്കൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹615081/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹615081/-(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം.&തീയതി | 232/23.11.2022 |

മേൽ പദ്ധതിപ്രകാരം Project Coordinator, SSK Ernakulam ന് ഓൺലൈനായി ₹615081/- കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകി (നം.09/16.09.2023). എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ₹615081/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 വീട് വാസയോഗ്യമാക്കൽ- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല

### 1.വീട് വാസയോഗ്യമാക്കൽ-പട്ടികജാതി (S.O)

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 83/23, വീട് വാസയോഗ്യമാക്കൽ-പട്ടികജാതി (S.O) |

| | |
|---|---|
| അടങ്കൽ | ₹1500000 |
| ചെലവ് | ₹1133911 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

മേൽ പ്രോജക്റ്റ് പ്രകാരം 15 ഗുണഭോക്താക്കൾ വീട് റിപ്പയർ ആരംഭിച്ചതിൽ 13 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ നാളിതുവരെയും വീട് റിപ്പയർ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക് :₹1,00,000/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | സുലോചന കുഞ്ഞൻ, പുല്ലാന്തര, വാർഡ് നം.9 | 50000 |
| 2 | ഷാജി.പി, ചരിവ് പറമ്പിൽ, മേയ്ക്കാട്, വാർഡ് നം.6 | 50000 |

2.വീട് വാസയോഗ്യമാക്കൽ-പട്ടികജാതി

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 126/23, വീട് വാസയോഗ്യമാക്കൽ-പട്ടികജാതി (S.O) |
| അടങ്കൽ | ₹2700000/- |
| ചെലവ് | ₹1840296/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

മേൽ പ്രോജക്ട് പ്രകാരം 25 ഗുണഭോക്താക്കൾ വീട് റിപ്പയർ അനുവദിച്ചതിൽ നാളിതു വരെ 23 ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ നാളിതു വരെയും വീട് റിപ്പയർ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക് ₹1,00,000/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | കുട്ടൻ.കെ.കെ, ഇടമിറ്റം, മേയ്ക്കാട്, വാർഡ് നം.5 | 50000 |
| 2 | ആശ.എ.എസ്, അമ്പാട്ടുപറമ്പിൽ, പൊയ്ക്കാട്ടുശ്ശേരി, വാർഡ് നം.18 | 50000 |

3.വീട് വാസയോഗ്യമാക്കൽ(ജനറൽ)

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 116/23, വീട് വാസയോഗ്യമാക്കൽ-പട്ടികജാതി (S.O) |
| അടങ്കൽ | ₹2500000 |
| ചെലവ് | ₹1733897 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

മേൽ പ്രോജക്റ്റ് പ്രകാരം 38 ഗുണഭോക്താക്കൾ വീട് റിപ്പയർ ആരംഭിച്ചതിൽ 36 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ നാളിതുവരെയും വീട് റിപ്പയർ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക് ₹50,000/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ഷാജി.സി.ടി, ചീരൻ ഹൗസ്, മേയ്ക്കാട്, വാർഡ് നം.5 | 25000 |
| 2 | സാറക്കുട്ടി ഫിലിപ്പോസ്, അറയ്ക്കൽ ഹൗസ്, മേയ്ക്കാട്, വാർഡ് നം.6 | 25000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.26/18.09.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1.32 തെരുവുവിളക്കുകൾക്കു മീറ്റർ സ്ഥാപിച്ചിട്ടില്ല

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം പ്രതിമാസം 5 ലക്ഷത്തോളം രൂപ തെരുവുവിളക്കുകൾക്ക് കറന്റ് ചാർജ്ജ് ഇനത്തിൽ അടവു വരുന്നുണ്ട്. എന്നാൽ തെരുവുവിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തമായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും മീറ്റർ സ്ഥാപിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 216000 | 196/23, നെൽകൃഷി വികസനം | 216000 | - |
| | 2022-23 | 130000 | 174/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 130000 | - |
| | 2022-23 | 148500 | 199/23, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം | 148500 | - |
| | | | ആകെ | 494500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 25000 | 130/23, പോത്തുകുട്ടി വിതരണം ജനറൽ-വനിത | 25000 | - |
| | 2022-23 | 160000 | 143/23, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 160000 | - |
| | 2022-23 | 200000 | 242/23, ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 200000 | - |
| | 2022-23 | 50000 | 4/23, അങ്കണവാടി പോഷകാഹാര പരിപാടി | 50000 | - |
| | 2022-23 | 390000 | 174/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 390000 | - |
| | 2022-23 | 75000 | 70/23, അങ്കണവാടികൾക്ക് ഏകീകൃത ബോർഡ് സ്ഥാപിക്കൽ (S.O) | 75000 | - |
| | 2022-23 | 150000 | 236/23, പാലിന് സബ്സിഡി | 150000 | - |
| | | | ആകെ | 1050000 | |

കുറിപ്പ്: പ്രോജക്ട് നമ്പർ 130/23, 70/23 എന്നിവയുടെ ചെലവുകൾ (25000+75000=₹1,00,000/-) I-6 ലെ 160300102 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രൊജക്ട് | മുൻകൂർ നൽകിയ തുക (₹) | വൗച്ചർ നം./ ബിൽ നം. | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 286/23, മള്ളുശ്ശേരി- പറമ്പുശ്ശേരി വലിയ പാടശേഖരത്തിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കലും ലൈൻവലിക്കലും | 963385.00 | 447/24.2.23-305475<br>605/15.3.23-657910 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.എസ്.ഇ.ബി | 63/23, വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റലും | 1366135.00 | 22200817/3.11.22-133069<br>22200910/8.12.22-93043 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | 22200909/8.12.22-100430 | |
| | | | 22200899/7.12.22-589080 | |
| | | | 22201598/31.3.23-19258 | |
| | | | 22201571/31.3.23-431255 | |
| കെ.എസ്.ഇ.ബി | 51/23, സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ, ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകളിൽ | 1931552.00 | 172/12.10.22- 32450 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | | 691/25.3.23- 82759 | |
| | | | 732/30.3.23- 243013 | |
| | | | 747/31.3.23-1569790 | |
| | | | 756/31.3.23- 3540 | |

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-18 പ്രകാരം 2022-23 ലെ ഡെപ്പോസിറ്റ് വർക്ക് തുകയായി ചേർത്തിരിക്കുന്നത് ₹3028006/-യാണ്. യഥാർത്ഥത്തിൽ ഇത് ₹4261072/-യാണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹37802 യുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക ₹ | രസീത് നം. /തീയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 1996-97 | 24,25,26 | 2429 | 1220202085/ 16-8-22 | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 1999-00 | 3-2 | 2000 | 1220202085/ 16-8-22 | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 2006-07 | 3-9 | 2862 | 1220202085/ 16-8-22 | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 2021-22 | 3-37 | 2431 | 1220205478/ 24-1-23 | സിന്റോ എം.എ, കോൺട്രാക്ടർ |
| 2021-22 | 1-34 | 28080 | 1220205478/ 24-1-23 | അനീഷ്.സി.എസ്, കോൺട്രാക്ടർ |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2 (15) | 2006-07 | 3.39 | പൈപ്പ് ലൈൻ സ്ഥാപിക്കൽ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | തുക വാട്ടർ അതോറിറ്റി ചെലവഴിച്ചിട്ടുള്ളതും, ഉൾപ്പെടുന്ന തുക കഴിച്ച് ബാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ള തുമാണ്. |

| | | | | | |
|---|---|---|---|---|---|
| 2015-2016 | 2.1 | 2016-17 | 2 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട്. (118040103759/ 06.082018) |

4-9 ചാർജ് സർചാർജ് നടപടികൾ

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,57,79,929/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,67,37,389/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹60,62,479/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 68150 | ശ്രീമതി സാലി ഡി,ഹെഡ്മിസ്ട്രസ്സ് |
| 1-17 | 100000 | ശ്രീമതി സൗമ്യ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-19 | 264125 | ഡോ.ആശാറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20-1 | 56600 | ഡോ.പ്രസ്ലിൻ ജോർജ്ജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20-4 | 49981 | ഡോ.പ്രസ്ലിൻ ജോർജ്ജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 100000 | ശ്രീ സുനിൽ.പി.എസ്, അസി.സെക്രട്ടറി |
| 1-23 | 547470 | ശ്രീ സുനിൽ.പി.എസ്, അസി.സെക്രട്ടറി |
| 1-27 | 4261072 | ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി |
| 1-30 | 615081 | ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി |
| ആകെ | 6062479 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സൗമ്യ ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പറക്കടത്ത് ഹൗസ് മംഗലശ്ശേരി കൊരട്ടി സൗത്ത്, തൃശ്ശൂർ |
| ഡോ.പ്രസ്ലിൻ ജോർജ്ജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,നെടുമ്പാശ്ശേരി | ഹൗസ് 36/3134E,കെ.കെ റോഡ്, കലൂർ.പി.ഒ, കൊച്ചി 17 |
| ശ്രീ.സുനിൽ.പി.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പാണ്ടിപ്പിള്ളിൽ ഹൗസ്, റോസ് ഗാർഡൻ, അത്താണി |
| ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | കൊച്ചിക്കാരൻ വീട്, ഫ്ലാറ്റ് നം.10D, കൽപ്പക കാസിൽ, സുഭാഷ് നഗർ, ഇടപ്പള്ളി |
| ഡോ.ആശാറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി,നെടുമ്പാശ്ശേരി | ഇ 1,മംഗല്യ,ചങ്ങമ്പുഴ നഗർ പി ഒ, കൊച്ചി |
| ശ്രീമതി സാലി ഡി, ഹെഡ്മിസ്ട്രസ്സ് | സേവനത്തിൽ നിന്ന് വിരമിച്ച | കുളങ്ങര ഹൗസ്, പൊയ്ക്കാട്ടുശ്ശേരി പി ഒ, |

| | | |
|---|---|---|
| | | ചെങ്ങമനാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-1997 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 634(i)/2018 തീയതി. 22.07.2019 | 4 | |
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(1)/2018 തീയതി. 23.05.2018 | 1 | |
| 2004-2005 2006-2007 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507/2018 തീയതി. 23.05.2018 | | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 3 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | 3 | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 8 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 8 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 20 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 8 | |
| 2019-2020 | കെ.എസ്.എ.ഇ.കെ.എം.(പി11)728/2021 തീയതി.29/06/2021 | 18 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി11)/1077/22 തീയതി 08.08.2022 | 30 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി11)/101/23 തീയതി 12.04.2023 | 38 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 06-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nedumbassery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumbassery Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Nedumbassery Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of Notes on Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The audit does not certify the accuracy of the cash flow statement due to deficiencies.
2. Basic ratios are not included in the AFS.

3. Classification and valuation of assets has not been done.
4. Property tax DCB figures in the Sanchaya software do not match with AFS.
5. The Advance Register is not in match with AFS.
6. The Deposit Register is not properly written and maintained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്